(ഇ) സാംസ്ക്കാരികകാര്യ ഡയറക്ടർ തസ്തിക സാംസ്ക്കാരിക വകുപ്പിന് കീഴിലാണോ അതോ പബ്ലിക് റിലേഷൻസ് വകുപ്പിന് കീഴിലാണോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) സാംസ്ക്കാരിക വകുപ്പിന് കീഴിലാണെങ്കിൽ സാംസ്ക്കാരിക കാര്യ ഡയറക്ടർ തസ്തിക സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നാക്കിക്കൊണ്ട് ഈ ഉദ്യോഗസ്ഥന് കീഴിൽ സ്വതന്ത്ര ചുമതലയുള്ള സാംസ്ക്കാരിക വകുപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലാണ്.

(സി) സാംസ്ക്കാരികകാര്യ ഡയറക്ടർ എന്ന ഒരു തസ്തിക സെക്രട്ടേറിയറ്റിലെ സാംസ്ക്കാരിക വകുപ്പിൽ നിലവിലില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഉദിക്കുന്നില്ല.

വയനാട്ടിലെ മാനവീയം പരിപാടി

108 (1671) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'മാനവീയ'ത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

1999 നവംബർ 1-ന് വയനാട് ജില്ലാ കളക്ടർ ജില്ലാ ആസ്ഥാനത്ത് മാനവീയം പതാക ഉയർത്തുകയും അന്നേദിവസം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ചെംപ്ര മലയിലേക്ക് ട്രക്കിംഗ് നടത്തുകയും വൈകുന്നേരം സാംസ്ക്കാരിക ഘോഷയാത്ര നടത്തുകയും ചെയ്തു. ഡിസംബർ 27-ന് സഹസ്രാബ്ദ കൂട്ട ചിത്ര രചന നടത്തി. വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പ്രതിഭാസംഗമം നടത്തി. വിദ്യാഭ്യാസ സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2000 ജനുവരി 27, 29 തീയതികളിൽ പ്രധാന അദ്ധ്യാപക സംഗമവും കോ-ഓർഡിനേറ്റർ പരിശീലനവും നടത്തി. 2000 മാർച്ച് 8-ന് സാർവ്വ ദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ചിത്ര രചന, പ്രസംഗം, ഉപന്യാസ മത്സരം എന്നിവ നടത്തി. പ്രശസ്ത ചിത്രകാരനായ ജോണി മിഖായേലിന്റെ ചിത്ര പ്രദർശനം സംഘടിപ്പിച്ചു. ഹിന്ദുസ്ഥാനി സംഗീതകച്ചേരി, കർണ്ണാടക സംഗീത കച്ചേരി, ഡാൻസ്, മാജിക് തുടങ്ങിയ കലാപരിപാടികളും നടത്തി. സഞ്ചരിക്കുന്ന ചിത്ര പ്രദർശനവും വയനാട് ജില്ലയിൽ പര്യടനം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly